**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1725 — 14.07.2016- ൽ മറുപടിക്ക്

## നന്മ സ്റ്റോറുകൾ

**ചോദ്യം** — **മറുപടി**

**ശ്രീ.മഞ്ഞളാംകുഴി അലി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നന്മ സ്റ്റോറുകൾ വഴി എത്ര ഇനം അവശ്യസാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ നന്മ സ്റ്റോറുകൾ വഴി 13 ഇനം അവശ്യസാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. ഉത്സവകാലങ്ങളിൽ മാത്രമാണ് ഇത്തരത്തിൽ നന്മ സ്റ്റോറുകളിൽ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നന്മ സ്റ്റോറുകൾ വഴി എല്ലാവിധ അവശ്യസാധനങ്ങളും വിപണനം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ഇനങ്ങളാണ് വിപണനം നടത്താൻ കഴിയാത്തത്; കാരണം വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നന്മ സ്റ്റോറുകൾ വഴി എല്ലാവിധ അവശ്യസാധനങ്ങളും വിപണനം നടത്തുന്നില്ല. ജയ അരി, കുറുവ അരി, കുത്തരി, പച്ചരി, പഞ്ചസാര, ചെറുപയർ, വൻകടല, ഉഴുന്ന്, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, വെളിച്ചെണ്ണ- തുടങ്ങിയ 13 ഇനങ്ങൾ ഒഴികെയുള്ള അവശ്യ സാധനങ്ങൾ വിപണനം നടത്താൻ കഴിഞ്ഞിട്ടില്ല. കൺസ്യൂമർ ഫെഡറേഷനിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിയാണ് എല്ലാവിധ അവശ്യസാധനങ്ങളും വിപണനം നടത്താൻ കഴിയാത്തതിന് കാരണമാകുന്നത്. |
| (സി) | എത്ര നന്മ സ്റ്റോറുകളാണ് അടച്ചു പൂട്ടാൻ തീരുമാനമെടുത്തത്;വ്യക്തമാക്കുമോ; | (സി) | 16 നന്മ സ്റ്റോറുകളാണ് അടച്ചു പൂട്ടാൻ തീരുമാനം എടുത്തിട്ടുള്ളത്. കൺസ്യൂമർ ഫെഡറേഷൻ വാടക നൽകി, നന്മ സ്റ്റോറുകൾ പ്രവർത്തിപ്പിക്കുന്നത് കൂടുതൽ നഷ്ടമുണ്ടാക്കും എന്നത് കണക്കിലെടുത്താണ് 16 നന്മ സ്റ്റോറുകൾ അടച്ചു പൂട്ടിയത്. |
| (ഡി) | ഗോഡൗണുകളിൽ എത്തുന്ന പല സാധനങ്ങളും യഥാസമയം നന്മ | (ഡി) | ഗോഡൗണുകളിൽ എത്തുന്ന സാധനങ്ങൾ യഥാസമയം തന്നെ നന്മ സ്റ്റോറുകളിലേക്ക് |

| | | | |
|---|---|---|---|
| | സ്റ്റോറുകൾ വഴി വിതരണം നടത്താറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | | വിതരണം ചെയ്യുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ നീതി വിതരണ ഗോഡൗൺ മാനേജർമാർക്ക് നൽകിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ നന്മ സ്റ്റോറുകൾ വഴി ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കൂടുതൽ സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയുന്ന തരത്തിൽ ഇവയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (ഇ) | അവശ്യ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി കൺസ്യൂമർഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണ മേഖലയുടെ കൂട്ടായ്മയിൽ കേര വെളിച്ചെണ്ണ ഉൾപ്പെടെ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ സബ്സിഡി നിരക്കിൽ ഉത്സവ കാലങ്ങളിൽ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നന്മ, ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ ജനമനസ്സുകളിൽ സ്ഥാനം പിടിക്കുന്നതിനായി സപ്ലൈകോ അവരുടെ ഔട്ട് ലെറ്റുകൾ വഴി നൽകുന്നതു പോലെ വർഷം മുഴുവൻ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ റേഷൻ കാർഡ് മുഖേന നിയന്ത്രിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതിനുള്ള പദ്ധതികൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ